**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 705** **24-08-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സൗരോർജ്ജ പാനലുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ഇ.ബി. നടപ്പാക്കുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ. മുഖേന ഏകദേശം 71 MW ഉത്പാദിപ്പിക്കുന്നതിനുള്ള സൗരോർജ്ജ പാനലുകളും അനെർട്ട് മുഖേന 1.1254 MW ശേഷിയുള്ള സൗരോർജ്ജ പാനലുകളും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (ബി) | പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ നിലവിൽ 56.6254 MW വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്. അതിൽ 55.5 MW കെ.എസ് ഇ.ബി.എൽ മുഖേന സ്ഥാപിച്ച 13726 പ്ലാന്റുകളിൽ നിന്നും 1.1254 MW അനെർട്ട് മുഖേന സ്ഥാപിച്ച 349 പ്ലാന്റുകളിൽ നിന്നുമാണ്. |
| (സി) | പ്രസ്തുത പദ്ധതിയിലേക്ക് കൂടുതൽ ഗാർഹിക ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (സി) | ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 കിലോവാട്ട് ശേഷി വരെയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് ഓരോ കിലോവാട്ടിനും 20 ശതമാനവും സബ്സിഡി എന്ന രീതിയിൽ സബ്സിഡി നൽകിവരുന്നു. കൂടാതെ കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളും കേന്ദ്രീകരിച്ച് പലതവണ സ്പോട്ട് രജിസ്ട്രേഷൻ കാമ്പയിനുകൾ സംഘടിപ്പിച്ചു. പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുതിനായി പദ്ധതി രജിസ്ട്രേഷനായി ട്രാക്കിംഗ് സംവിധാനത്തോടും കൂടി **E-Kiran** മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ചു.<br><br>സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതിയിലേക്ക് കൂടുതൽ ഗാർഹിക ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് അനെർട്ട് വിവിധ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി '**സൗരതേജസ്സ്**' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു. വിവിധ ഊർജ്ജമിത്ര കേന്ദ്രങ്ങൾ. റെസിഡൻഷ്യൽ |

| | | | |
|---|---|---|---|
| | | | അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെ ക്യാമ്പയിൻ പാർട്ട്ണർമാരായി തെരഞ്ഞെടുത്ത് അവർ മുഖേനയുള്ള സ്പോട്ട് രജിസ്ട്രേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. വിവിധ പത്രമാധ്യമങ്ങൾ, ടെലിവിഷൻ ചാനലുകൾ, സാമൂഹിക മാധ്യമങ്ങൾ, എഫ്.എം. സ്റ്റേഷനുകൾ എന്നിവ വഴി പൊതു ജനങ്ങളിൽ ഇതിന്റെ പ്രാധാന്യം എത്തിക്കുന്നതിനുള്ള നടപടികൾ 'അനെർട്ട്' സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനും, സംശയ നിവാരണത്തിനുമായി പ്രത്യേക ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ